# യഹോവയുടെ ശബ്ദം

## സങ്കീർത്തനം 29:3

**"യഹോവയുടെ ശബ്ദം വെള്ളത്തിന്മീതെ മുഴങ്ങുന്നു; പെരുവെള്ളത്തിന്മീതെ യഹോവ, മഹത്വത്തിന്റെ ദൈവം തന്നേ, ഇടിമുഴക്കുന്നു.."**

ദാവീദിന്റെ ഒരു സ്തുതിഗീതമാണ് സങ്കീർത്തനം 29. ഈ സങ്കീർത്തനത്തിൽ പ്രതിപാദിച്ചിരിക്കുന്ന പ്രധാന വിഷയം 'യഹോവയുടെ ശബ്ദം' എന്നതാണ്. അത് ഏഴ് പ്രാവശ്യം ഏഴ് വ്യത്യസ്ത അനുഭവങ്ങളിൽ ഉപയോഗിച്ചിരിക്കുന്നതായി നമുക്ക് കാണാം. അതിൽ യഹോവയുടെ ഇടിമുഴക്കത്തിന്റെ ശബ്ദമാണ് ഒന്നാമതായി നാം കാണുന്നത് (വാക്യം 3). വി. വേദപുസ്തകത്തിൽ വെള്ളത്തിന്മീതെ മുഴങ്ങിയ ദൈവശബ്ദം ആദ്യം നാം കേൾക്കുന്നത് ഉൽപത്തി പുസ്തകം അദ്ധ്യായം 1 വാക്യം 3 ൽ ആണ്. പാഴും ശൂന്യവുമായിരുന്ന ഭൂമിയിൽ അവശേഷിച്ചിരുന്നത് ഇരുളും വെള്ളവും മാത്രമായിരുന്നു. ഈ വെള്ളത്തിന്മീതെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിശബ്ദമായി പരിവർത്തിച്ചുകൊണ്ടിരുന്നതായി ദൈവവചനം പ്രസ്താവിക്കുന്നു. അതിന്റെ നടുവിലേക്കാണ് ഭൂമിയുടെ ഇരുളിന്റെ അവസ്ഥയെ മാറ്റുവാൻ ദൈവശബ്ദം, ഒരു ഇടിമുഴക്കമായി വെളിച്ചം ഉണ്ടാകുവാൻ കൽപിക്കുന്നത്.

പ്രിയരേ, ദൈവത്തിന്റെ ശബ്ദങ്ങൾക്ക് തുടക്കം കുറിച്ച ഒന്നാമത്തെ ശബ്ദമായിരുന്നു അത്. ഇരുൾ വെളിച്ചത്തിന്നു വഴിമാറിക്കൊടുക്കുക വഴി, സകല പ്രപഞ്ചവും പ്രകാശപൂരിതമായി തീർന്നു. മനോഹരമായി ദൈവം സൃഷ്ടിച്ച നാം ഓരോരുത്തരും, പിശാചിന്റെ ആദിപത്യത്തിൻ കീഴിൽ, ഇരുളിൽ വസിച്ചിരുന്നവർ ആയിരുന്നു. എന്നാൽ അതിന്റെ മദ്ധ്യത്തിൽ ഏതു മനുഷ്യനേയും പ്രകാശിപ്പിക്കുവാൻ കഴിവുള്ളതായ ഒരു വെളിച്ചം ഈ ലോകത്തിലേക്ക് കടന്നു വന്നു. അതായിരുന്നു യേശുകർത്താവ് എന്ന സത്യവെളിച്ചം. അത് ഇരുട്ടിന്റെ മക്കളായിരുന്ന നമ്മുടെ ജീവിതത്തിലേക്ക് ഒരു ഇടിമുഴക്കത്തോടെ പ്രവേശിക്കുകയുണ്ടായി. തിരുവചനം ഇപ്രകാരം പറയുന്നു, നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു വിളിക്കപ്പെട്ടവരാണ്. അപ്രകാരം അവനിൽ വിശ്വസിച്ച് അവനെ കൈക്കൊള്ളുന്നവർക്ക് അവൻ തന്റെ മക്കളാകുവാൻ അധികാരം നൽകി.

പ്രിയ ദൈവപൈതലേ, നമ്മുടെ ജീവിതത്തിലെ പാഴും ശൂന്യതയും, പാടെ മാറിപ്പോയ ഇടിമുഴക്കത്തിന്റെ ശബ്ദമായിരുന്നു നാം കർത്താവിൽ നിന്നും ആദ്യമായി കേട്ടത്. കർത്താവിന്റെ ഈ ശബ്ദം നമ്മുടെ ജീവിതത്തിലെ ഒരു തുടക്കമായിരുന്നു എങ്കിൽ ഇന്നും

അവൻ നമ്മോട് സംസാരിച്ചു കൊണ്ടിരിക്കുന്നു. പലതിനെ ചൊല്ലി വിഷാദിച്ചും മനം കലങ്ങിയും ഇരിക്കുന്നവരോടായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് ദൈവവചനത്തിൽ ഇപ്രകാരം സംസാരിക്കുന്നു "എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്നു യഹോവ അരുളിച്ചെയ്യുന്നു. ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു" (യെശയ്യാവു 55:8-9). യഹോവയുടെ ശബ്ദം; അത്, അവൻ നമ്മുടെ ജീവിതത്തിൽ നിവർത്തിപ്പാൻ ആഗ്രഹിച്ചതു പൂർത്തീകരിപ്പാൻ മതിയായ ശബ്ദമാണ്. ആ ശബ്ദം നിരന്തരം നമ്മുടെ ജീവിതത്തിൽ കേൾക്കുവാൻ കാതോർക്കുന്നതോടൊപ്പം അതിൻപ്രകാരം ജീവിതം ക്രമീകരിക്കുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ ആകുകയും ചെയ്യാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം:

വെളിപ്പാട് 1:15

അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെയും ആയിരുന്നു

ബ്രദർ. ബിനു ബേബി ആലപ്പുഴ 175